16303
25/4/17

കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ 3 ബഞ്ചുകളിലേയ്ക്കായി 37 പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-12) വകുപ്പ്

സ.ഉ.(കൈ)/17/2017/ഉ.ഭ.പ.വ തിരുവനന്തപുരം,തീയതി, 24/07/2017

പരാമർശം:- 1) 04.02.2011ലെ സ.ഉ.(കൈ)നം.4/2011/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
2) 08.11.2016ലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാറുടെ 2106/2016/കെ.എ.റ്റി നമ്പർ കത്ത്

ഉത്തരവ്

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിലുള്ള സ്റ്റാഫിന്റെ എണ്ണം വളരെ പരിമിതമാണെന്നും ട്രൈബ്യൂണലിന്റെ സുഗമമായ ദൈനംദിന പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരത്തെ രണ്ട് പ്രിൻസിപ്പൽ ബഞ്ചുകൾക്കും എറണാകുളത്തെ ഒരു അഡീഷണൽ ബഞ്ചിനുമായി ഡെപ്യൂട്ടി രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ)-1, പ്രോട്ടോക്കോൾ ഓഫീസർ - 2, പബ്ലിക് റിലേഷൻസ് ഓഫീസർ- 2, കോർട്ട് ഓഫീസർ-8, സെക്ഷൻ ഓഫീസർ - 8, ഫയൽ സ്ക്രൂട്ടിനി ഓഫീസർ - 4, അസിസ്റ്റന്റ് - 18, ലൈബ്രേറിയൻ - 3, സി.എ/സ്റ്റെനോഗ്രാഫർ -7, ക്ലറിക്കൽ അസിസ്റ്റന്റ് - 4, ഡാറ്റാ എൻട്രി ഓപ്പറേറ്റർ - 3, ഡ്രൈവർ - 2, ഓഫീസ് അറ്റൻഡന്റ് -10, പാർട്ട് ടൈം സ്വീപ്പർ - 3 എന്നിങ്ങനെ 75 തസ്തികകൾ പുതുതായി സൃഷ്ടിക്കണമെന്ന് പരാമർശം (2) കത്തുപ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാർ ആവശ്യപ്പെടുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 3 ബഞ്ചുകളിലേയ്ക്കായി (തിരുവനന്തപുരത്തെ 2 ബഞ്ചുകളിലേയ്ക്കും എറണാകുളത്തെ 1 ബഞ്ചിലേയ്ക്കും) ചുവടെ ചേർത്തിരിക്കുന്നപ്രകാരം 37 പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവാകുന്നു.

| തസ്തികയുടെ പേര് | എണ്ണം |
|---|---|
| കോർട്ട് ഓഫീസർ | 4 |
| സെക്ഷൻ ഓഫീസർ | 4 |
| ഫയൽ സ്ക്രൂട്ടിനി ഓഫീസർ | 2 |
| അസിസ്റ്റന്റ് | 9 |
| സി.എ/സ്റ്റെനോഗ്രാഫർ | 3 |
| ക്ലറിക്കൽ അസിസ്റ്റന്റ് | 2 |

| | |
|---|---|
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 2 |
| ഡ്രൈവർ | 2 |
| ഓഫീസ് അറ്റൻഡന്റ് | 6 |
| പാർട്ട് ടൈം സ്വീപ്പർ | 3 (സ്വീപ്പിംഗ് ഏരിയ അനുസരിച്ചുമാത്രം) |
| ആകെ | **37** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സത്യജിത് രാജൻ**

**പ്രിൻസിപ്പൽ സെക്രട്ടറി**

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം.
ഡെപ്യൂട്ടി രജിസ്ട്രാർ, അഡീഷണൽ ബഞ്ച്, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (ധനകാര്യം വ്യയം (എ) വകുപ്പിന്റെ 397917/Exp-A3/74/2017/Fin നമ്പർ കുറിപ്പ് പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം/എറണാകുളം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 19-07-2017

ഫയൽ നം.എ.ആർ.12(2)/66/2016/ഉ.ഭ.പ.വ. ഇനം നം: 1229

വിഷയം : ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 3 ബഞ്ചുകളിലേക്ക് 37 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത്.

൨൧) തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

1224

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ.ആർ.12(2)/66/2016/ഉ.ഭ.പ.വ. |
| 2 | വകുപ്പ് | : | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.12) വകുപ്പ്. |
| 3 | വിഷയം | : | കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 3 ബഞ്ചുകളിലേക്ക് 37 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 30.06.2017 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | :<br>: | ഇല്ല<br>ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ.മുഹമ്മദ് ഇസ്മായിൽ കുഞ്ഞ്. എസ് |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.സത്യജീത്ത് രാജൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 07/07/2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. നളിനി നെറ്റോ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11/07/2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ (ബഹു.മുഖ്യമന്ത്രി) |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 12/07/17 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 14/07/17 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും, തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 3 ബഞ്ചുകളിലേക്ക് 37 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 3 ബഞ്ചുകളിലേക്ക് വിവിധ തസ്തികകളിലേക്കുള്ള 110 തസ്തികകൾ 04.02.2011 ലെ G.O.(Ms)No.4/2011/P&ARD പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്ഥാപിതമായപ്പോൾ ബഹു.കേരള ഹൈക്കോടതിയിൽ നിന്ന് 9502 റിട്ട് പെറ്റീഷനുകൾ കൈമാറുകയുണ്ടായി എന്നും, അധികാര പരിധി വർദ്ധിച്ചപ്പോൾ കൂടുതൽ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾ കൂടി ട്രൈബ്യൂണലിന്റെ പരിധിയിൽപ്പെടുകയുണ്ടായി എന്നും മുനിസിപ്പൽ കോമൺ സർവ്വീസുകൾ, പഞ്ചായത്തുകൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നീ വകുപ്പുകളുടെയും സർവ്വീസ് കാര്യങ്ങൾ ട്രൈബ്യൂണലിന്റെ കീഴിൽ ഉൾപ്പെടുന്നുണ്ടെന്നും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാർ അറിയിക്കുകയുണ്ടായി.

3) മേൽ പറഞ്ഞ സാഹചര്യങ്ങളാൽ നിലവിലുള്ള സ്റ്റാഫിന്റെ എണ്ണം വളരെ പരിമിതമാണെന്നും തിരുവനന്തപുരത്തെ രണ്ട് പ്രിൻസിപ്പൽ ബഞ്ചുകൾക്കും എറണാകുളത്തെ ഒരു അഡീഷണൽ ബഞ്ചിനുമായി വിവിധ തസ്തികകളിലായി ചുവടെ ചേർക്കുന്ന പ്രകാരം തസ്തികകൾ സൃഷ്ടിക്കണമെന്ന് ട്രൈബ്യൂണലിന്റെ ദൈനംദിനമായ സുഗമമായ പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമാണെന്നും രജിസ്ട്രാർ ആവശ്യപ്പെടുകയുണ്ടായി.

| തസ്തികയുടെ പേര് | എണ്ണം |
|---|---|
| ഡെപ്യൂട്ടി രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ) | 1 |
| പ്രോട്ടോക്കോൾ ഓഫീസർ | 2 |
| പബ്ലിക് റിലേഷൻസ് ഓഫീസർ | 2 |
| കോർട്ട് ഓഫീസർ | 8 |
| സെക്ഷൻ ഓഫീസർ | 8 |
| ഫയൽ സ്ക്രൂട്ടിനി ഓഫീസർ | 4 |
| അസിസ്റ്റന്റ് | 18 |
| ലൈബ്രേറിയൻ | 3 |
| സി.എ/സ്റ്റെനോഗ്രാഫർ | 7 |

| | |
|---|---|
| ക്ലറിക്കൽ അസിസ്റ്റന്റ് | 4 |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 3 |
| ഡ്രൈവർ | 2 |
| ഓഫീസ് അറ്റൻഡന്റ് | 10 |
| പാർട്ട് ടൈം സ്വീപ്പർ | 3 |

4) മേൽ സൂചിപ്പിച്ച പ്രകാരം വിവിധ തസ്തികകളിലായി ആകെ 75 അധിക തസ്തികകൾ സൃഷ്ടിക്കണമെന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാർ അപേക്ഷിക്കുകയുണ്ടായി. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുമ്പോൾ ആകെ 2,81,08,860/- (രണ്ട് കോടി എൺപത്തിഒന്നുലക്ഷത്തി എണ്ണായിരത്തി എണ്ണൂറ്റി അറുപത് രൂപ മാത്രം) അധികച്ചിലവ് പ്രതീക്ഷിക്കുന്നുവെന്ന് കണക്കാക്കിക്കൊണ്ട് ഫയൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി അയച്ചപ്പോൾ ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അറിയിക്കുകയുണ്ടായി.

*"Finance agrees to accord sanction for creation of the following 37 posts in the three benches of the Kerala Administrative Tribunal, i.e. two benches at Thiruvananthapuram and one at Ernakulam subject to the approval of the Council.*

| Name of post<br>**A** | **Number of posts** |
|---|---|
| Court Officer | 4 |
| Section Officer | 4 |
| File Scrutiny Officer | 2 |
| Assistants | 9 |
| CA/Steno | 3 |
| Clerical Assistant | 2 |
| Data Entry Operator | 2 |
| Driver | 2 |

| | |
|---|---|
| OA | 6 |
| PTS | 3<br>(as per sweeping area only) |
| TOTAL | 37 |

*This has the approval of Hon'ble Minister (Finance)."*

5) ബഹു.മുഖ്യമന്ത്രിക്ക് ഫയൽ അയച്ചപ്പോൾ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ നിർദ്ദേശിയ്ക്കുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

**ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 3 ബഞ്ചുകളിലേയ്ക്കായി (തിരുവനന്തപുരത്തെ രണ്ട് ബഞ്ചുകളിലേയ്ക്കും എറണാകുളത്തെ ഒരു അഡീഷണൽ ബഞ്ചിലേയ്ക്കുമായി) 37 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ?**